തുറമുഖ വകുപ്പ്

**പുനർ ലേലം/ ദർഘാസ് പരസ്യം**

നംമ്പര്. സി2-2400/10. തീയതി: 21/01/2012

തുറമുഖ വകുപ്പിന്റെ വലിയതുറയിലുള്ള ഏകദേശം 18m നീളവും 15.5 മീറ്റർ വീതിയും ഉള്ള പഴയ കെട്ടിടത്തിന്റെ മുന്തിയ ഇനം തടിയിൽ തീർത്തിട്ടുള്ള കട്ടിള, ജനല്,ഉത്തരം, കഴുക്കോല്, റീപ്പറുകള്, ഓട് മുതലായവ വിൽക്കുവാനുണ്ട്. ഇവ വാങ്ങുവാൻ താൽപര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഇതിന്റെ മൊത്തം വില രേഖപ്പെടുത്തിയ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

നിരതദ്രവ്യമായ രൂപ 5000 (അയ്യായിരം രൂപ), തുറമുഖ വകുപ്പ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ഉൾപ്പെടെ, മുദ്രണം ചെയ്ത കവറിൽ ഉള്ളടക്കം ചെയ്ത ദർഘാസുകൾ (കവറിന് പുറത്ത് "പഴയ കെട്ടിടത്തിന്റെ സാധനങ്ങൾ വാങ്ങുന്നതിന് എന്ന് രേഖപ്പെടുത്തിയിരിക്കണം) 2012 ജനുവരി 27-ാം തീയതി രാവിലെ 11.00 മണിവരെ വലിയതുറ പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ സ്വീകരിക്കുന്നതും വലിയതുറ പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ സന്നിഹിതരാവുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ജനുവരി 27-ാം തീയതി ലേല നടപടി കഴിഞ്ഞാൽ ഉടൻ തന്നെ തുറക്കുന്നതുമാണ്. ലേലത്തിലോ ദർഘാസിലോ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്ന കരാറുകാരൻ പിറ്റേ ദിവസം 28/01/2012 രാവിലെ 11 മണിക്ക് മുൻപായി മുഴുവൻ തുകയും നികുതി ഉൾപ്പെടെ വലിയതുറ പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റണം.

മേൽ പറഞ്ഞ വസ്തുകൾ 2012 ജനുവരി 27-ാം തീയതി ഉച്ചയ്ക്ക് 2.30 മണിക്ക് പരസ്യമായി ലേലം ചെയ്യുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നിരതദ്രവ്യമായി 5000 രൂപ 27/1/2012-ൽ ഉച്ചയ്ക്ക് 2.30 മണിക്ക് മുൻപായി വലിയതുറ പോർട്ട് കൺസർവേറ്ററുടെ ആഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. നിരതദ്രവ്യം അടക്കാത്ത വരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

മുഴുവൻ തുകയും അടച്ച തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ ലിസ്റ്റ് പ്രകാരം അനുവദിച്ചുതന്നിട്ടുള്ള മുഴുവൻ സാധങ്ങളും വലിയതുറയിലുള്ള തുറമുഖ വകുപ്പിന്റെ സ്ഥലത്ത് നിന്നും മാറ്റേണ്ടതാണ്. വിശദവിവരങ്ങൾക്ക് ശ്രീ.രവികുമാർ - 9495661159, 0471-2324842, 2323871.

ലേലത്തിലും ദർഘാസിലോ പങ്കെടുക്കുന്ന വ്യക്തികൾ അവരുടെ ഫോട്ടോ പതിച്ച അംഗീകൃത തിരിച്ചറിയൽ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതുണ്ട്. ദർഘാസിൽ സാധനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കു വിലകൃത്യമായി അക്ഷരത്തിലും അക്കത്തിലും രേഖപ്പെടുത്തണം. ലേല/ദർഘാസ് തുകയുടെ 4.04 % വില്പന തികുതി ആയി ഈടാക്കുന്നതായിരിക്കും.

തുറമുഖ ഡയറക്ടർക്ക് വേണ്ടി.

തുറമുഖ കാര്യാലയം
ന്യൂ കോർപ്പറേഷൻ ബിൽഡിംഗ്,
5-ാം നില, പാളയം.
തിരുവനന്തപുരം

Notice Board of PWD Office,
Valiyathura Port Office,
Harbour Engineering Department Head Office,
Corporation Office,
Port Head Quarters.